ജനരക്ഷാ യാത്ര കണ്ണൂരിൽ മാത്രമാക്കിയേക്കും

തിരുവനന്തപുരം: സി.പി.എം അക്രമത്തിനെതിരെ ബി.ജെ.പി നടത്തുന്ന ജനരക്ഷാ യാത്ര കണ്ണൂരിൽ മാത്രമായി ഒതുക്കിയേക്കും.

ഒക്ടോബർ 11 ന് വേങ്ങര ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചാത്തലത്തിലാണിത്. ഒക്ടോബർ 3 മുതൽ 16 വരെ കണ്ണൂരിൽ നിന്ന് തിരുവനന്തപുരം വരെ യാത്ര നടത്താനായിരുന്നു പരിപാടി. ഇതിന്റെ ഭാഗമായി 3 നും 5 നും കണ്ണൂർ ജില്ലയിൽ നടക്കുന്ന യാത്രയിൽ ബി.ജെ.പി അദ്ധ്യക്ഷൻ അമിത് ഷാ പദയാത്ര പങ്കെടുക്കാൻ തീരുമാനിച്ചിരുന്നു.

www.keralakaumudi.com www.facebook.com/keralakaumudi

നവമാദ്ധ്യമത്തിലൂടെ മുഖ്യമന്ത്രിയെ അപമാനിച്ച യുവാവ് അറസ്റ്റിൽ

വടക്കഞ്ചേരി: നവമാദ്ധ്യമത്തിലൂടെ മുഖ്യമന്ത്രിയെ അപമാനിച്ച സംഭവത്തിൽ മണപ്പാടം പാട്ടോല കിഴക്കേ വീട് സഹദേവനെ (34) വടക്കഞ്ചേരി പൊലീസ് അറസ്റ്റ് ചെയ്തു. മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ വാട്ട്സ് അപ്പ് ഉൾപ്പെടെയുള്ള നവമാദ്ധ്യമങ്ങളിലൂടെ അശ്ലീലമടങ്ങിയ ചിത്രങ്ങൾ പ്രചരിപ്പിക്കുകയായിരുന്നു.

ഐ.എസിൽ ചേർന്ന കണ്ണൂർ സ്വദേശി സിറിയയിൽ മരിച്ചു

കണ്ണൂർ: ഭീകരസംഘടനയായ ഐസിസിൽ ചേർന്ന കണ്ണൂർ കൂടാളി കച്ചേരിപ്പറമ്പിലെ മുഹമ്മദ് ഷജിൽ സിറിയയിൽ മരിച്ചു. വെടിയേറ്റുമരിച്ചതായാണ് വിവരം. ഇയാളുടെ ഭാര്യയുൾപ്പെടെ കണ്ണൂരിൽ നിന്നുള്ള മറ്റു മൂന്നു പേർ കൂടി ഐസിസ് ക്യാമ്പിലുണ്ടെന്നാണ് സൂചന.

ഷജിൽ മരിച്ച വിവരം കഴിഞ്ഞ ദിവസമാണ് ഇന്റലിജൻസിന് ലഭിച്ചത്. ചക്കരക്കൽ പൊലീസ് സ്റ്റേഷനിൽ ഇയാൾക്കെതിരെ ആറു കേസുകൾ നിലവിലുണ്ട്.

മൂന്നാർ തർക്കം വീണ്ടും: അഡിഷണൽ എ.ജിക്കെതിരെ സർവകക്ഷി സംഘം

കൈയേറ്റക്കാരുടെ ലിസ്റ്റ് ഹരിത ട്രൈബ്യൂണലിൽ

തിരുവനന്തപുരം: മൂന്നാറിലെ കൈയേറ്റപ്രശ്നത്തിൽ സർക്കാരിന് വേണ്ടി അഡിഷണൽ അഡ്വക്കേറ്റ് ജനറൽ ദേശീയ ഹരിതട്രൈബ്യൂണലിൽ കൈക്കൊണ്ട നിലപാടിനെ ചൊല്ലി വീണ്ടും തർക്കം.

ദേവികുളം മുൻ സബ് കളക്ടർ ശ്രീറാം വെങ്കിട്ടരാമൻ തയാറാക്കിയ കൈയേറ്റക്കാരുടെ പട്ടിക അഡിഷണൽ അഡ്വക്കേറ്റ് ജനറൽ രഞ്ജിത് തമ്പാൻ ഹരിത ട്രൈബ്യൂണലിന് സമർപ്പിച്ചതാണ് തർക്ക വിഷയം. ഇതിനെതിരെ മന്ത്രി എം.എം. മണിയുടെയും എസ്. രാജേന്ദ്രൻ എം.എൽ.എയുടെയും നേതൃത്വത്തിലുള്ള സർവകക്ഷി സംഘം ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനെയും റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരനെയും കണ്ട് നിവേദനം നൽകി. സി.പി.ഐ മൂന്നാർ മണ്ഡലം സെക്രട്ടറി പളനിവേലും സംഘത്തിലുണ്ടായിരുന്നു എന്നതാണ് ശ്രദ്ധേയം. സി.പി.ഐയുടെ നോമിനിയാണ് അഡിഷണൽ എ.ജി രഞ്ജിത് തമ്പാൻ.

എന്നാൽ, അഡിഷണൽ എ.ജിയുടേത് സർക്കാർ നിലപാടാണെന്നും സർക്കാർ നിലപാട് മാത്രമാണ് അഭിഭാഷകർ കോടതിയിൽ ധരിപ്പിക്കുന്നതെന്നും റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ പിന്നീട് മാദ്ധ്യമങ്ങളോട് പ്രതികരിച്ചു.

അഡിഷണൽ എ. ജിയുടെ കോടതിയിലെ നിലപാടിനെ തുടർന്ന് മൂന്നാറിൽ നിർമ്മാണങ്ങളാകെ സ്തംഭിക്കുന്ന നിലയാണെന്ന് സർവകക്ഷി സംഘത്തിന്റെ നിവേദനത്തിൽ പറയുന്നു. എല്ലാവരെയും കൈയേറ്റക്കാരായി ചിത്രീകരിക്കുന്നത് ശരിയല്ല. ഇക്കാര്യത്തിൽ സർക്കാർ നിലപാട് ഹരിത ട്രൈബ്യൂണലിനെ അറിയിക്കണം. ഇതിനായി അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്തണം. കൈയേറ്റക്കാർക്കെതിരായ നടപടികൾ മാത്രം വേണം കോടതിയെ അറിയിക്കാൻ. വർഷങ്ങളായി താമസിക്കുന്നവരെ ദോഷകരമായി ബാധിക്കുന്ന നിലപാടെടുത്ത അഡിഷണൽ എ. ജിയോട് വിശദീകരണം തേടണമെന്നും നിവേദകസംഘം ആവശ്യപ്പെട്ടു.

കെ. പി. സി. സി വൈസ് പ്രസിഡന്റ് എ. കെ. മണി, സി. പി. എം നേതാവ് കെ.കെ. വിജയൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്ന കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ സംയുക്ത ട്രേഡ് യൂണിയൻ നടത്തിയ രാജ്ഭവൻ മാർച്ച്

മുതലാളിമാരുടെ കമ്മിഷൻ പറ്റുന്ന ഏജന്റായി മോദി സർക്കാർ മാറി : ആനത്തലവട്ടം

തിരുവനന്തപുരം: രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ തീറെഴുതി നൽകി കുത്തക മുതലാളിമാരിൽ നിന്ന് കമ്മിഷൻ പറ്റുന്ന ഏജന്റായി മോദി സർക്കാർ മാറിയെന്ന് സി. ഐ. ടി. യു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ പറഞ്ഞു.

പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരെ സംയുക്ത ട്രേഡ് യൂണിയൻ നടത്തിയ രാജ്ഭവൻ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഐ. എൻ. ടി. യു. സി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ചു. നവംബർ 9, 10, 11 തീയതികളിൽ സംയുക്ത ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ പാർലമെന്റ് മാർച്ച് നടത്തുമെന്ന് ചന്ദ്രശേഖരൻ അറിയിച്ചു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ഉദയഭാനു, വി. ശിവൻകുട്ടി, കെ. ചന്ദ്രൻപിള്ള, കാട്ടാക്കട ശശി, കെ.പി .രാജേന്ദ്രൻ, എ.എ അസീസ്, കെ. പി ശങ്കർദാസ്, കെ. എൻ ഗോപിനാഥ്, പ്രതാപൻ, ജി. സുഗുണൻ, രാജു ആന്റണി, കെ. കെ ചന്ദ്രൻ, കെ. ചന്ദ്രശേഖരൻ തുടങ്ങിയവർ സംസാരിച്ചു.

ഗോഹട്ടി ട്രെയിനുകൾ റദ്ദാക്കി

തിരുവനന്തപുരം: വടക്കുകിഴക്കൻ മേഖലയിലെ വെള്ളപ്പൊക്കവും കനത്ത മഴയും മൂലം തിരുവനന്തപുരത്തുനിന്ന് ഗോഹട്ടിയിലേക്ക് 17 ന് ഉച്ചയ്ക്ക് 12.40 നുള്ള 12515 നമ്പർ എക്സ്‌പ്രസ് ട്രെയിനും 19 ന് വൈകിട്ട് 5 നുള്ള 12507 നമ്പർ എക്സ്‌പ്രസ് ട്രെയിനും റദ്ദാക്കി.

ഉഴുന്നാലിൽ നാട്ടിലേക്ക് വരുന്നതിൽ തീരുമാനമായില്ല

തിരുവനന്തപുരം: യമനിൽ ഐ.എസ് ഭീകരരുടെ തടവിൽ നിന്ന് മോചിതനായ മലയാളി വൈദികൻ ഫാ. ടോം ഉഴുന്നാലിൽ നാട്ടിലേക്ക് വരുന്ന കാര്യത്തിൽ തീരുമാനമായില്ലെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി അദ്ധ്യക്ഷൻ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവാ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ചൊവ്വാഴ്ച യമനിൽ നിന്ന് മോചിതനായ ഉഴുന്നാൽ വത്തിക്കാനിലാണുള്ളത്. അദ്ദേഹവുമായി ഫോണിൽ സംസാരിച്ചു. മെഡിക്കൽ ചെക്കപ്പും വിശ്രമവും മറ്റ് നടപടികളും പൂർത്തിയായതിനുശേഷം നാട്ടിലേക്ക് വരും. അതെന്നെന്ന് തീരുമാനമായിട്ടില്ല. മാദ്ധ്യമങ്ങളിൽ വാർത്ത വന്നശേഷമാണ് മോചനവിവരം അറിഞ്ഞത്. പിന്നീട് വത്തിക്കാനിൽ നിന്ന് അറിയിപ്പും ലഭിച്ചു. ക്ഷീണിതനെങ്കിലും ടോം ഉഴുന്നാൽ ആഹ്ലാദവാനാണ്.

മോചനകാര്യത്തിൽ കേന്ദ്ര സർക്കാരിന് വീഴ്ച വന്നതായി കരുതുന്നില്ല. ഭാരത കത്തോലിക്കാ മെത്രാൻ സമിതി അദ്ധ്യക്ഷൻ എന്ന നിലയിൽ പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി എന്നിവരുമായി ബോംബെയിലെ ബിഷപ്പ് ആലഞ്ചേരിക്കൊപ്പം നേരിട്ട് സംസാരിക്കുകയും മോചനത്തിന് സഹായിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഭാരത സർക്കാരിന് ഇക്കാര്യത്തിൽ പരിമിതികളുണ്ടെന്ന് സഭ മനസിലാക്കുന്നു. ഒടുവിൽ വത്തിക്കാൻ ഇടപെട്ട് ഒമാൻ രാജാവിന്റെ സഹായത്തോടെ മോചിപ്പിച്ചുവെന്നാണ് അറിയുന്നത്. ഒരു വൈദികൻ എന്നതിനെക്കാൾ ഒരു ഭാരതപൗരൻ മോചിപ്പിക്കപ്പെട്ടുവെന്നാണ് മനസിലാക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

17 ന് രാജ്യത്തെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും ഫാ. ടോം ഉഴുന്നാലിലിന്റെ മോചനത്തിന് നന്ദി പറഞ്ഞ് കൃതജ്ഞതാ ദിനമായി ആചരിക്കും. പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, മുഖ്യമന്ത്രി പിണറായി വിജയൻ, രാജ്യസഭാ ഉപാദ്ധ്യക്ഷൻ പി. ജെ. കുര്യൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി എന്നിവരെ പ്രത്യേകം നന്ദി അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു.

കാരായി രാജന്റെ ജാമ്യം റദ്ദാക്കണമെന്ന് സി.ബി.ഐ

കൊച്ചി : തലശേരി ഫസൽ വധക്കേസിൽ പ്രതിയായ സി.പി. എം നേതാവ് കാരായി രാജന് കണ്ണൂർ ജില്ലാ പഞ്ചായത്ത് യോഗത്തിൽ പങ്കെടുക്കാൻ ജാമ്യ വ്യവസ്ഥയിൽ ഇളവു നൽകിയത് ദുരുപയോഗം ചെയ്തതിനാൽ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ട് സി.ബി.ഐ എറണാകുളത്തെ സി.ബി.ഐ കോടതിയിൽ ഹർജി നൽകി.

കണ്ണൂർ ജില്ലാ പഞ്ചായത്തംഗമായ കാരായി രാജന് ജില്ലാ പഞ്ചായത്ത് യോഗത്തിൽ പങ്കെടുക്കാൻ സെപ്തംബർ 10,11 തീയതികളിൽ കണ്ണൂരിലേക്ക് പോകാൻ കോടതി അനുമതി നൽകിയിരുന്നു. എന്നാൽ കാരായി രാജൻ കോടതി നിർദേശം ലംഘിച്ച് തലശേരി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാന ചലച്ചിത്ര അവാർഡ് ദാനച്ചടങ്ങിൽ പങ്കെടുത്തെന്ന് സി.ബി.ഐ ചൂണ്ടിക്കാട്ടുന്നു.

മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുത്ത ചടങ്ങിൽ രണ്ടു മണിക്കൂറിലേറെ സമയം കാരായി രാജൻ ഉണ്ടായിരുന്നു. ഫസൽ വധക്കേസ് രജിസ്റ്റർ ചെയ്ത പൊലീസ് സ്റ്റേഷന്റെ പരിധിയിലാണ് തലശേരി മുനിസിപ്പൽ സ്റ്റേഡിയം.

കണ്ണൂർ ജില്ലയിൽ പ്രവേശിക്കരുതെന്ന ജാമ്യ വ്യവസ്ഥയിൽ കോടതി ഇളവു നൽകിയത് ജില്ലാ പഞ്ചായത്തിന്റെ യോഗത്തിൽ പങ്കെടുക്കാൻ മാത്രമാണെന്നും ഇതു ലംഘിച്ച് കാരായി രാജൻ ചലച്ചിത്ര അവാർഡ് ദാനച്ചടങ്ങിൽ പങ്കെടുത്തത് ഗുരുതരമായ നിയമലംഘനമാണെന്നും സി.ബി.ഐയുടെ ഹർജിയിൽ പറയുന്നു. അടുത്ത ദിവസം കോടതി ഹർജി പരിഗണിക്കും.

‘സേവ് ഇന്ത്യ ചെയ്ഞ്ച് ഇന്ത്യ’ ലോംഗ് മാർച്ച് സമാപിച്ചു

ഹുസൈനിവാല (പഞ്ചാബ്): ‘സേവ് ഇന്ത്യ, ചെയ്ഞ്ച് ഇന്ത്യ’ എന്ന മുദ്രാവാക്യവുമായി ജൂലായ് 15 ന് കന്യാകുമാരിയിൽ സി.പി.ഐ ജനറൽ സെക്രട്ടറി എസ്. സുധാകർ റെഡ്ഡി ഉദ്ഘാടനം ചെയ്ത എ.ഐ.വൈ. എഫ് - എ.ഐ.എസ്.എഫ് ലോംഗ് മാർച്ച് 19 സംസ്ഥാനങ്ങളിലൂടെ 60 ദിവസം സഞ്ചരിച്ച് പഞ്ചാബിലെ അതിർത്തി ഗ്രാമമായ ഹുസൈനിവാലയിൽ സമാപിച്ചു. സമാപന റാലി സി.പി.ഐ ദേശീയ എക്സിക്യൂട്ടിവ് അംഗം ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്തു.

മാർച്ച് അംഗങ്ങളായിരുന്ന തപസ് സിൻഹ, ടി. സ്റ്റാലിൻ, കരംവീർ കൗർ, കേരളത്തിൽ നിന്ന് എ.ഐ. വൈ.എഫ് സംസ്ഥാന സെക്രട്ടറി മഹേഷ് കക്കത്ത്, പി. ഗവാസ്, ചിഞ്ചു ബാബു, എ.ഐ. എസ്.എഫ് സംസ്ഥാന പ്രസിഡന്റ് ജെ. അരുൺ ബാബു, വി. വിനിൽ, മുഹമ്മദ് മുഹസിൻ എം.എൽ.എ തുടങ്ങിയവരും സമാപന റാലിയിൽ പങ്കെടുത്തു.

അറവുകത്തിക്ക് മുന്നേ വാഹനാപകടത്തിൽ...

ബത്തേരിയിൽ ലോറി മറിഞ്ഞ് ചത്ത പോത്തുകളും ലോറിയും

സുൽത്താൻ ബത്തേരി : ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ അറവുശാലയിലേക്ക് മാടുകളുമായെത്തിയ ലോറി മറിഞ്ഞ് 12 മാടുകൾ ചത്തു. ആന്ധ്രയിൽനിന്നും അറവുമാടുകളുമായെത്തിയ ലോറി ഇന്നലെ രാവിലെ 8നാണ് മഞ്ഞാടിത്തോട്ടിലേക്ക് മറിഞ്ഞത്. അറവുശാലയ്ക്ക് സമീപത്തെ വളവുതിരിയുന്നതിനിടെ ടയറുകൾ പാതയോരത്ത് താഴ്ന്ന് സമീപത്തെ കൈത്തോട്ടിലേക്ക് മറിയുകയായിരുന്നു. തലകീഴായി മറിഞ്ഞ ലോറിയിലുണ്ടായിരുന്ന എരുമകളും പോത്തുകളുമുൾപ്പടെ 12 മാടുകളാണ് ചത്തത്. ലോറിയിൽ 19 മാടുകളാണുണ്ടായിരുന്നതെന്ന് സൊസൈറ്റി അധികൃതർ പറഞ്ഞു.

മറ്റുള്ള മാടുകളെ സമീപവാസികളും സംഭവമറിഞ്ഞ് സ്ഥലത്തെത്തിയ ഫയർഫോഴ്സും ചേർന്ന രക്ഷപ്പെടുത്തി. ഡ്രൈവർ ഉൾപ്പെടെ മൂന്നുപേർ ലോറിയിലുണ്ടായിരുന്നെങ്കിലും ഇവർ പരിക്കുകളില്ലാതെ രക്ഷപെട്ടു. മൃഗസംരക്ഷണ വകുപ്പും ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റി അധികൃതരും സ്ഥലത്തെത്തി. നെന്മേനി പഞ്ചായത്ത് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ചത്ത മാടുകളെ പോസ്റ്റ്മോർട്ടം നടത്തി മറവുചെയ്തു. അഞ്ച് ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. മറിഞ്ഞ ലോറിക്കടിയിൽ നിന്ന് മാടുകളുടെ രക്ഷപ്പെടുത്തുന്നതിനിടെ ഒരു എരുമ വിരണ്ടോടിയത് ആളുകളിൽ പരിഭ്രാന്തി പരത്തി. വിരണ്ടോടിയ മാട് അമ്പുകുത്തി പ്രദേശങ്ങളിലൂടെ ഓടി ഉച്ചയോടെ ആനപ്പാറ മാളിക സ്കൂളിന് സമീപം സ്വകാര്യ വ്യക്തിയുടെ കൃഷിയിടത്തിൽ നിലയുറപ്പിച്ചു. വൈകിട്ടോടെ വെറ്ററിനറി ഡോക്ടർ ബിന്നി മയക്കുവെടിവെച്ച് മാടിനെ തളച്ചു.

ടെക്നോളജി

ടെക് കൗമുദി
സൈബർ വാതായനം

ടെക് ലോകത്തെ ഞെട്ടിച്ച് ആപ്പിൾ

■ ഐ ഫോൺ 8, 8 പ്ലസ്, X എന്നിവ അവതരിപ്പിച്ചു



ലോകമെമ്പാടുമുള്ള ആപ്പിൾ ആരാധകരുടെ കാത്തിരിപ്പിന് വിരാമമിട്ട് ഐഫോണിന്റെ മൂന്ന് പുതിയ പതിപ്പുകൾ പുറത്തിറങ്ങി. കാലിഫോർണിയയിലെ ആപ്പിൾ ആസ്ഥാനത്ത് സ്റ്റീവ് ജോബ്സ് തീയറ്ററിൽ നടന്ന ആപ്പിൾ മെഗാ ഇവന്റിലാണ് ഐ ഫോൺ 8, ഐ ഫോൺ 8 പ്ലസ് എന്നിവയും ഐഫോൺ X ഉം പുറത്തിറക്കിയത്.

വയർലെസ് ചാർജ്ജിംഗ് സവിശേഷതയോടെയാണ് ഐഫോൺ 8, ഐഫോൺ 8 പ്ലസ് എന്നിവ പുറത്തിറക്കിയത്. ഹോം ബട്ടൺ ഒഴിവാക്കിയും ഫിംഗർ പ്രിന്റ് സെൻസറിന് പകരം മുഖം തിരിച്ചറിയാനുള്ള സംവിധാനമൊരുക്കിയുമാണ് ഐ ഫോൺ X ലൂടെ ആപ്പിൾ ടെക് ലോകത്തെ ഞെട്ടിച്ചത്.

ഐ ഫോൺ 8, 8 പ്ലസ്

ആറ് കോറുകളുള്ള A11 ബയോണിക് ചിപ്പുകളും 64 ബിറ്റ് ഡിസൈനുമായിരിക്കും ഐ ഫോൺ 8ലും 8 പ്ലസിലും ഉണ്ടാവുക. പുതിയ ഗോൾഡൻ പതിപ്പ് അടക്കം മൂന്ന് നിറങ്ങളിൽ ഫോൺ ലഭ്യമാവും. സിൽവർ, സ്പേസ് ഗ്രേ എന്നിവയാണ് മറ്റ് നിറങ്ങൾ. 4.7 ഇഞ്ച് ഡിസ്‌പ്ലേയാണ് 8ൽ പ്ലസിലെ ഡിസ്‌പ്ലേ 5.5 ഇഞ്ചും.

8 ൽ 12 മെഗാപിക്സൽ പിൻ കാമറയും 7 മെഗാപിക്സൽ മുൻ കാമറയുമാണ്. ഐ ഫോൺ 8 പ്ലസിൽ 12 മെഗാപിക്സൽ ഡ്യുവൽ കാമറയും 7 മെഗാപിക്സൽ മുൻ കാമറയുമാണ്.

ഡ്യുവൽ കാമറയിൽ പോർട്രൈറ്റ് ലൈറ്റിങ് മോഡിന്റെ ബീറ്റാ വെർഷനും സജ്ജീകരിക്കുമെന്നാണ് ആപ്പിൾ അറിയിച്ചിരിക്കുന്നത്. പ്രകാശം അനുസരിച്ച് ക്രമീകരിക്കപ്പെടുന്ന ഈ സംവിധാനം പ്രത്യേക മെനുവിലൂടെയാവും ലഭ്യമാവുക.

മിഴിവാർന്ന സെൽഫികൾക്കായി റെറ്റിന ഫ്ലാഷുമുണ്ട്. ഗെയിമുകൾക്കായി ഓഗ്‌മെന്റഡ് റിയാലിറ്റിയും പുതിയ മോഡലുകളിലുണ്ടാവും.

ഏവരും പ്രതീക്ഷിച്ചിരുന്ന വയർലെസ് ചാർജ്ജിംഗ് സംവിധാനവും രണ്ട് മോഡലുകളിലുമുണ്ട്. 64 ജി.ബി, 256 ജി.ബി സംഭരണശേഷികളിലാണ് ഇവ പുറത്തിറങ്ങുന്നത്. സെപ്തംബർ 29 ന് രണ്ട് മോഡലുകളും ഇന്ത്യയിൽ ലഭ്യമാവും. ഐ ഫോൺ 8ന്റെ 64 ജി.ബി പതിപ്പിന് 64,000 രൂപയും 256 ജി. ബി പതിപ്പിന് 77,000 രൂപയുമായിരിക്കും ഇന്ത്യയിലെ വില. 8 പ്ലസിന്റെ 64 ജി.ബി മോഡലിന് 73,000 രൂപയും 256 ജി.ബി മോഡലിന് 86,000 രൂപയുമാണ് ഇന്ത്യയിൽ.

ഫെയ്സ് ഐഡിയുമായി ഐഫോൺ X

ഐ ഫോൺ X

മറ്റ് മോഡലുകളിൽ നിന്ന് വ്യത്യസ്ഥമായി ഇതിൽ ഹോം ബട്ടനില്ല. സ്ക്രീനിന്റെ താഴെ അറ്റത്ത് സൈ്വപ്പ് ചെയ്ത് ഹോം സ്ക്രീനിലെത്താം. 5.8 ഇഞ്ച് എഡ്ജ് ടു എഡ്ജ് സ്ക്രീനായിരിക്കും. ഫിംഗർപ്രിന്റ് സെൻസറിന് പകരം നിങ്ങളുടെ മുഖം തിരിച്ചറിയാൻ കഴിവുള്ളതാണ് ഐ ഫോൺ X. ഇരുട്ടത്ത് പോലും മുഖം തിരിച്ചറിയുന്ന ട്രൂ ഡെപ്ത്ത് കാമറ സെൻസറാണ് ഇതിനായി ഫോണിൽ ഒരുക്കിയിരിക്കുന്നത്.

നിങ്ങളുടെ അനുവാദമില്ലാതെ ഫോൺ മറ്റൊരാൾ തുറക്കാൻ ഒരു മില്യനിൽ ഒരു സാദ്ധ്യത മാത്രമേ ഉള്ളൂവെന്നും ആപ്പിൾ അവകാശപ്പെടുന്നു. 12 മെഗാ പിക്സൽ ഡ്യുവൽ കാമറ പിന്നിലും 7 മെഗാപിക്സൽ മുൻ കാമറയുമാണ് എക്സിനുള്ളത്. ക്വാഡ് എൽ. ഇ. ഡിയോട് കൂടിയ ഡ്യുവൽ ഫ്ലാഷ് പിൻ കാമറകൾക്ക് കരുത്തേകും. ഐ ഫോൺ X ന്റെ ടെലി ഫോട്ടോ ലെൻസിന് അപ്പാർച്ചർ എ /2.4 ആണ്. കൂടാതെ ടെലിലെൻസിനും ഒപ്ടിക്കൽ ഇമേജ് സ്റ്റബിലൈസേഷനുമുണ്ട്.

ക്വാഡ് എൽ. ഇ. ഡി ട്രൂടോൺ ഫ്ലാഷ്, എച്ച്. ഡി. ആർ, വിശദാംശങ്ങൾ ഒപ്പിയെടുക്കുന്നതിലെ കഴിവ്, ലാഗില്ലാത്ത ഷട്ടർ തുടങ്ങിയവയാണ് എടുത്തുപറയാനുള്ള മറ്റു കാര്യങ്ങൾ. ഇപ്പോഴുള്ള ഐ ഫോൺ 7 നേക്കാൾ രണ്ട് മണിക്കൂർ അധിക ബാറ്ററി ബാക്ക് അപ്പും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്. വയർലെസ് ചാർജ്ജിങ് സംവിധാനവുമുണ്ടാകും. നവംബർ മൂന്നിനായിരിക്കും ഐഫോൺ X ഇന്ത്യയിൽ എത്തുന്നത്. 64 ജി. ബി സംഭരണ ശേഷിയുള്ള മോഡലിന് 89,000 രൂപയും 256 ജി.ബി മോഡലിന് 102,000 രൂപയുമാണ് ഇന്ത്യയിലെ വില.



Point your camera at any number to search in Truecaller
SCAN A NUMBER
Upgrade to Professional
Payments
Recharge
Notifications
Help
Settings
Erica jackson
9182938412
Edit Profile
Payments
Send Money
Securely transfer money to anyone through UPI
Scan & Pay
Scan phone or VPA to send money
Re-charge
Recharge and Pay your mobile bills
View account
Check balance and transaction details of your bank account

പുതുമകളുമായി ട്രൂകോളർ

പരിചയമില്ലാത്ത നമ്പർ തിരയാൻ സ്മാർട്ട്ഫോൺ ഉപഭോക്താക്കളുടെ ആശ്രയമാണ് ട്രൂകോളർ ആപ്പിൾ പുതിയ മാറ്റങ്ങൾ അവതരിപ്പിച്ചു. നമ്പർ സ്കാനർ, ഫാസ്റ്റ് ട്രാക്ക് നമ്പർ എന്നീ പുതിയ രണ്ട് ഫീച്ചറുകളാണ് അവതരിപ്പിച്ചിരിക്കുന്നത്. നമ്പർ സ്കാനർ എന്നാൽ വെബ്സൈറ്റുകൾ, ബോർഡുകൾ എന്നിവയിലുള്ള നമ്പർ നേരിട്ട് സ്കാൻ ചെയ്ത് തിരിച്ചറിയാൻ കഴിയുന്ന ഫീച്ചറാണിത്.

രാജ്യത്തെ ടോൾഫ്രീ എമർജൻസി നമ്പരുകൾ നൽകുന്നതാണ് ഫാസ്റ്റ് ട്രാക്ക് നമ്പേഴ്സ്. അടുത്ത ആൻഡ്രോയിഡ് പതിപ്പിൽ ഈ സവിശേഷതകൾ ലഭ്യമാകും.

ഇന്ത്യയിലെ ഉപഭോക്താക്കൾക്ക് ഇനി നമ്പർ സ്കാൻ ചെയ്യുന്നതിനൊപ്പം യുപിഐ പണമിടപാടും നടത്താം. കോൺടാക്ട് ലിസ്റ്റിൽ ഉള്ളവർക്ക് പണം അയയ്ക്കാനും വാങ്ങാനും, റീചാർജ്, ഫ്ലാഷ് സന്ദേശം അയയ്ക്കാനും സാധിക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു.

എ.ആർ കോറുമായി ഗൂഗിൾ

പ്രതീതി യാഥാർത്ഥ്യത്തിന്റെ (ഓഗ്‌മെന്റഡ് റിയാലിറ്റി) അനന്തസാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ ഗൂഗിൾ. ഇതിനായി എ.ആർ കോർ എന്ന സങ്കേതം വികസിപ്പിച്ചെടുത്തിരിക്കുകയാണ്. ആപ്പിൾ ഉൾപ്പെടെയുള്ളവരുടെ പാത പിന്തുടർന്നാണ് ഗൂഗിളും രംഗത്തെത്തിയിരിക്കുന്നത്.

ആപ്പിൾ ഐ. ഒ. എസ് 11ാം പതിപ്പിൽ അവതരിപ്പിച്ച എ.ആർ കിറ്റ് എന്ന സംവിധാനത്തിന് സമാനമാണ് ഗൂഗിളിന്റെ കോർ. നേരത്തെ ഗൂഗിൾ ഉപയോഗിച്ച എ.ആർ കിറ്റായ ടാങ്കോ നിന്ന് തീർത്തും വ്യത്യസ്തമാണ് എആർകോർ. ടാങ്കോ പ്ലാറ്റ്ഫോമിൽ എആർ സാങ്കേതിക വിദ്യ ഒരുക്കണമെങ്കിൽ പ്രത്യേക ഉപകരണങ്ങൾ ആവശ്യമായിരുന്നു. ഈ പരിമതി മറികടക്കുന്നതാണ് എ. ആർ കോർ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് കിറ്റ്. ഡെവലപ്പർമാർക്ക് എ.ആർ കോർ സോഫ്ട്‌വെയർ ഡെവലപ്മെന്റ് കിറ്റായി ഉപയോഗിക്കാം.

ആപ്പിളിന് പിന്നാലെ ഗൂഗിളും പ്രതീതി യാഥാർത്ഥ്യത്തിന്റെ സാങ്കേതിക വിദ്യയിലേക്ക് ചുവടുവയ്ക്കുന്നതോടെ ടെക് ലോകത്തിൽ പുതിയൊരു വിപ്ലവത്തിനാണ് ഇത് തുടക്കം കുറിക്കുന്നത്. ഭാവിയിൽ കേവലം മൊബൈൽ ഫോണിനുമൊപ്പം മറ്റ് സാങ്കേതികവിദ്യകളാവും വിപണിയെ ഭരിക്കുക.

വിവോ വി 7 പ്ലസ് ഇന്ത്യയിൽ

ഇന്ത്യൻ വിപണിയിൽ വൻ കുതിപ്പ് നടത്തുന്ന വിവോ തങ്ങളുടെ പുതിയ ഫ്ലാഗ്ഷിപ്പ് മോഡൽ വിവോ വി 7 പ്ലസ് ഇന്ത്യയിൽ അവതരിപ്പിച്ചു. 21,990 രൂപയാണ് ഫോണിന്റെ വില. കാമ്പെയിൻ ഗോൾഡ്, മാറ്റ ബ്ലാക്ക് കളറുകളിലാണ് ഫോൺ എത്തുന്നത്. സെപ്തംബർ 15 മുതൽ ഓഫ് ലൈനായും, ഓൺലൈനായും ഫോണുകൾ വിപണിയിൽ എത്തും.

5.99 ഇഞ്ച് ഫുൾവ്യൂ ഡിസ്‌പ്ലേയോടെയാണ് ഫോൺ എത്തുന്നത്. 18:9 ആണ് സ്ക്രീൻ. സ്നാപ്ഡ്രാഗൺ എസ്. ഡി. എം 450 ആണ് ഫോണിന്റെ ചിപ്പ് ശേഷി. 4 ജിബിയാണ് റാം ശേഷി. ആൻഡ്രോയ്ഡ് 7.1 ആണ് ഓപ്പറേറ്റിംഗ് സിസ്റ്റം. 64 ജിബിയാണ് ഇന്റേണൽ സ്റ്റോറേജ്, എസ്. ഡി കാർഡ് ഉപയോഗിച്ച് 256 ജിബിയായി മെമ്മറിശേഷി വർദ്ധിപ്പിക്കാം.

24 എം.പി എച്ച്. ഡി സെൽഫി കാമറയാണ് ഫോണിന്റെ മറ്റൊരു പ്രധാന പ്രത്യേകത. 16 എം പിയാണ് പിന്നിലെ കാമറ. ഫേഷ്യൽ ലോക്ക് സംവിധാനത്തോടെയാണ് വി 7 പ്ലസ് എത്തുന്നത്. 3225 എം.എ.എച്ചാണ് ഫോണിന്റെ ബാറ്ററി ശേഷി.